പരിഗണിച്ച് നമ്മുടെ ജലസേചന പദ്ധതികളുടെ സമീപപ്രദേശങ്ങളിൽ നമ്മുടെ ഫാക്ടറികൾക്ക് ആവശ്യമായ അത്രയും കരിമ്പുകൃഷി ചെയ്യുന്നതിനുള്ള ഒരു പ്രത്യേക ഊർജ്ജിത കരിമ്പ് ഉല്പാദന പരിപാടിക്ക് കൃഷിവകുപ്പ് മുൻകൈയെടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അത് പരിഗണനാർഹമായ നിർദ്ദേശമാണ്.

ഡോക്ടർ കെ. സി. ജോസഫ് : ഒരു ടൺ കരിമ്പ് ആട്ടി ശർക്കരയാക്കിയാൽ 500 രൂപ ലഭിക്കുമെന്നിരിക്കെ ഷുഗർ മില്ലുകൾ 205 രൂപയ്ക്ക് കരിമ്പ് എടുക്കുന്നതുകൊണ്ടാണ് കരിമ്പുകൃഷിക്കാർ ഷുഗർ മില്ലുകൾക്ക് കരിമ്പ് നൽകാത്തത് എന്നുള്ളതുകൊണ്ട് കൃഷിക്കാർക്ക് അർഹമായ വില നൽകി കരിമ്പ് ഏറെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? അതുവഴി കരിമ്പുകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പഞ്ചസാരയുടെ വിലയുമായി താരതമ്യപ്പെടുത്തിയിട്ടേ, കരിമ്പിന്റെ വില നിശ്ചയിക്കാനാവൂ.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

* 318. [344] ശ്രീ. തോമസ് കല്ലമ്പള്ളി :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ഒരാളുടെ ജാമ്യത്തിൽ എത്ര തുകവരെ വായ്പ നൽകുന്നുണ്ട് ;

(ബി) വസ്തു ജാമ്യം സ്വീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ,

(എ) പുതുക്കിയ ജാമ്യ വ്യവസ്ഥയനുസരിച്ച് ചിട്ടിയിൽ പതിനായിരം (10,000) രൂപയുടെ ബാദ്ധ്യതയ്ക്കു വരെ ഒരാളുടെ ജാമ്യം സ്വീകരിക്കുന്നുണ്ട്. ഹയർ പർച്ചേയിസിൽ ഇരുപതിനായിരം (20,000) രൂപ വരെയുള്ള അഡ്വാൻസിന് ഒരാളിന്റെ ജാമ്യം മതിയാകുന്നതാണ്.

(ബി) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. തോമസ് കല്ലമ്പള്ളി : കെ എഫ്. സി. യിൽ നിന്നും ഇപ്പോൾ ചിട്ടി പിടിച്ചാൽ കാശ് കിട്ടാൻ രണ്ടുമൂന്നുമാസം താമസമെടുക്കുന്ന സ്ഥിതിയാണുള്ളത്. ഇതിനൊരു മാറ്റമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അതുതന്നെയാണ് ചിട്ടിപിടിക്കുന്ന ആളുകളുടെ ഒരു പ്രധാന പരാതി. കംപ്യൂട്ടറൈസ് ചെയ്യാൻ പ്രധാന കാരണം ഇതു തന്നെയാണ്. ചിട്ടിപിടിച്ചുകഴിഞ്ഞാൽ ഒരു ഇൻഫർമേഷൻ അവിടെ നിന്നുകിട്ടാൻ വളരെ കാലതാമസം ഉണ്ടാകുന്നതുകൊണ്ട്, ചിറ്റാളൻമാർക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതുകൊണ്ടാണ് അത് കൂടുതൽ എഫിഷ്യൻറ് ആക്കാൻ വേണ്ടി കംപ്യൂട്ടറൈസ് ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് കല്ലമ്പള്ളി : ഇന്ന് ഫയർ പർച്ചെയിസിൽ ബ്ലേഡ് കമ്പനികളേക്കാൾ മൊത്തത്തിൽ കൂടിയ പലിശയാണ് ഈടാക്കി വരുന്നത്. ഒരു അനുഭവസ്ഥൻ എന്നുള്ള നിലയിൽ ഈ പലിശ ഒന്നുകുറച്ച് ഫയർ പർച്ചെയിസ് സ്കീമിൽ ഒരു നിശ്ചിത വിലയ്ക്ക് താഴെയുള്ളവയ്ക്ക് ഈ പലിശ ഒന്ന് കുറയ്ക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ശരിയാണ്. കേരള ഫിനാൻഷ്യൽ എൻറർപ്രൈസസ്സിൽ മുൻപ് കോംപൗണ്ട് ഇൻറെറസ്റ്റ് വച്ചിരുന്നു. ഇപ്പോൾ കോംപൗണ്ട് ഇൻറെറസ്റ്റിൻറെ തുക കൂടി കുറച്ച് പലിശ കുറച്ചു കൊണ്ട് വരണമെന്നുള്ള നയമാണ് ഗവൺമെൻറിനുള്ളത്. അത് അവരെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ അതനുസരിച്ച് നിലവിലുള്ളത് കുറവാണ്.

ശ്രീ. പി. സി. ജോർജ്ജ് : അദ്ദേഹം ഇവിടെ 10,000 രൂപവരെയാണ് പരിധിയെന്ന് പറഞ്ഞു. പരിധി ഉയർത്തുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോൾ ബാങ്കുകളിൽപോലും അയ്യായിരം (5,000) രൂപവരെയുള്ളൂ. ഫിനാൻഷ്യൽ എൻറർപ്രൈസസിൽ മാത്രമാണ് 10,000 രൂപവരെ കൊടുക്കുന്നത്. നാഷണലൈസ്ഡ് ബാങ്കുകളിൽപോലും 5,000 രൂപവരെയേ ആകെ ജാമ്യത്തിൽ കൊടുക്കുകയുള്ളൂ.

ശ്രീ. പി. സി. ജോർജ്ജ് : ഫിനാൻഷ്യൽ എൻറർപ്രൈസസിന് ബ്രാഞ്ചുകൾ കുറവാണ്. അതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ ഇതിൻറെ ബ്രാഞ്ചുകൾ തുടങ്ങുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇന്ന് ഫിനാൻഷ്യൽ എൻറർപ്രൈസസിന് 76 ബ്രാഞ്ചുകളാണ് ഉള്ളത്. ഇപ്പോൾ കംപ്യൂട്ടറൈസ് ചെയ്തതുകൊണ്ട് തൊഴിലാളികളെ കൂടുതൽ എടുക്കുന്നതിനുവേണ്ടി ഇതിൻറെ എണ്ണം വർദ്ധിപ്പിക്കണമെന്നും കഴിയുന്നത്ര എല്ലാ ഗ്രാമപ്രദേശങ്ങളിലും ബ്രാഞ്ചുകൾ വരണമെന്നും ബ്ലേഡ് കമ്പനികളെയും അതുപോലെയുള്ളവരെയും നിരോധിച്ചുകൊണ്ട് സ്വർണ്ണപ്പണയം അടക്കമുള്ളത് എല്ലാം കൊടുക്കണമെന്നുള്ളതാണ് ആഗ്രഹം.

ശ്രീ. ടി. എസ്. ജോൺ : ചിട്ടി പിടിച്ചാൽ കാശ് കിട്ടാൻ കാലതാമസം ഉണ്ടാകും. പ്രൈവറ്റ് ബാങ്കുകളെ അപേക്ഷിച്ച് നോക്കുമ്പോൾ കാലതാമസം ഉണ്ടാകുന്നതിനുള്ള പ്രത്യേക കാരണം എന്താണ് ? ഇപ്പോൾ കംപ്യൂട്ടറൈസ് ചെയ്തതുകൊണ്ടുള്ള കുഴപ്പമൊന്നും അല്ല. നടപടിക്രമങ്ങളിൽ ഉണ്ടായിട്ടുള്ള പാകപ്പിഴകളും നൂലാമാലകളും എല്ലാം പരിശോധിച്ച് എത്രയുംവേഗം പൈസ ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ചിട്ടി പിടിക്കുന്ന ആളുകൾക്ക് പൈസ കിട്ടാൻ കാലതാമസം ഉണ്ടാകുന്നുവെന്നുള്ള കാര്യം നിരവധി തവണ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചിട്ടി പിടിക്കുന്ന ഒരു ചിറാളന് എത്രയും വേഗം പണം കൊടുക്കണമെന്നുള്ള നിർദ്ദേശം ഗവൺമെൻറ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ : കാലതാമസമുണ്ടാകുന്നതിനുള്ള കാരണം എന്താണ് ?

ശ്രീ. തച്ചടി പ്രഭാകരൻ : ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ വരുന്ന കാലതാമസമാണ് പ്രധാനമായിട്ടുണ്ടാകുന്നത്. ചിട്ടി പിടിച്ചു കഴിഞ്ഞാൽ അത് ഹാജരാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം കൊണ്ടാണ്. സബ് രജിസ്ട്രാർ ആഫീസിൽ നിന്നും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കിട്ടാനുണ്ടാകുന്ന കാലതാമസം, ബാദ്ധ്യതാ സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞാൽപോലും ഗവൺമെന്റിന് അതിൻമേൽ ലീഗൽ അഡ്വയിസ് എടുക്കണം. അതിനു വേണ്ടി സമയം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. എഫ്. തോമസ് : ഹയർ പർച്ചേസിന്റെയും വായ്പയുടെയും കാര്യം പറഞ്ഞു. നമ്മുടെ ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ എല്ലാ ബ്രാഞ്ചുകളിലും ഇതുപോലെ ഹയർ പർച്ചേസും വായ്പയും കൊടുക്കുവാനുള്ള നിർദ്ദേശമുണ്ടോ ? അങ്ങനെ എല്ലാ ബ്രാഞ്ചുകളിലും ആളുകൾക്ക് നൽകുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഹയർ പർച്ചേസിന്റെയും ഇന്നത്തെ വായ്പയുടെയും അളവും തോതും കൂടുതൽ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി കൈ നടത്തണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. കഴിയുന്നത്ര എല്ലാ ബ്രാഞ്ചുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച്, വേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കാലതാമസം നേരിടുന്നതിന് പ്രധാന കാരണം സോഴ്വൻസി സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിനുള്ള കാലതാമസം കൊണ്ടാണെന്ന് പറഞ്ഞു. അതുകൊണ്ട് സോഴ്വൻസി സർട്ടിഫിക്കറ്റുകൾ പെട്ടെന്ന് കിട്ടുന്നതിനുവേണ്ടി, പ്രമാണങ്ങളൊക്കെ പരിശോധിക്കുന്നതിനും അതുപോലെതന്നെ ഇന്നുള്ള നടപടിക്രമം ലഘൂകരിക്കാനും അത്യാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അതാണ്, ഈ സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിന് വളരെയധികം കാലതാമസമുണ്ട്. അടുത്ത കാലത്ത് റവന്യൂ ഡിപ്പാർട്ടുമെന്റ് പട്ടയം-പാസ് ബുക്ക് എന്ന പേരിൽ ഓരോ ആളിനെയും സംബന്ധിച്ച ബാദ്ധ്യതകളുടെ വിവരങ്ങൾ മുഴുവനും ഇതിനകത്ത് ഉൾപ്പെടുത്തുന്ന പുതിയ ഒരു സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. കാലതാമസം അതിന്റെ അടിസ്ഥാനത്തിൽ കുറയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

മാട്ടി സ്റ്റേറ്റിന് കശുമാവ് കൃഷി വികസന പരിപാടി

* 319. [345] ശ്രീ. എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടി സ്റ്റേറ്റിന് കശുമാവ് കൃഷി വികസന പരിപാടി എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിന് ലോകബാങ്കിന്റെ സഹായമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly